ANNEXURE 4

CHIAK
-9 AUG 2016
933
Ex: Director

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി - എച്ച്.ഐ.വി. അണുബാധിതരെ വരുമാനപരിധി കണക്കാക്കാതെ ചിസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ. 972/**2016/തൊഴിൽ** തീയതി, തിരുവനന്തപുരം.05/08/2016.

---

പരാമർശം: 1. സർക്കാർ ഉത്തരവ് (സാധാ).നം. 95/2008/തൊഴിൽ തീയതി 04.07.2008.

2. സർക്കാർ ഉത്തരവ് (കൈ) നം.112/2012/ത.സ്വ.ഭ.വ. തീയതി 27/04/2012.

3. ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/12/2015 ലെ 2048/സിഎച്ച് 4/2015/ചിയാക്ക് നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട എല്ലാകുടുംബങ്ങളേയും സമഗ്രആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ലെ ഉത്തരവ് പ്രകാരം എയിഡ്സ് രോഗികളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ടി വിഭാഗത്തെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല. എന്നാൽ എയ്ഡ്സ് രോഗികളെ എച്ച്.ഐ.വി അണുബാധിതർ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ചിസ് പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (3) കത്തുപ്രകാരം ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എച്ച്.ഐ.വി അണുബാധിതരെ റേഷൻ കാർഡിന്റെ വരുമാനപരിധി, എ.പി.എൽ/ബി.പി.എൽ വിഭാഗം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാതെ എച്ച്.ഐ.വി അണുബാധിതർ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ചിസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്. മുരളീധരൻ

അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ചിയാക്, തിരുവനന്തപുരം.

പ്രോജക്റ്റ് ഡയറക്ടർ, സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, റെഡ്ക്രോസ്റോഡ്, തിരുവനന്തപുരം-695035

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ) തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ